സ്കൂളുകളിൽ സംസ്കൃതം ഒന്നാം ഭാഷയായി പഠിക്കുന്ന കുട്ടികൾക്കും വിദ്യാഭ്യാസജില്ലാടിസ്ഥാനത്തിൽ സ്കോളർഷിപ്പ് നൽകുന്നുണ്ട്. ജില്ലാ സംസ്കൃത അക്കാഡമിക് കൗൺസിൽ പ്രവർത്തനങ്ങൾക്കായി പ്രതിവർഷം 1000 രൂപയും നൽകി വരുന്നു. സംസ്കൃത അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നുണ്ട്.

(ബി) ഉണ്ട്. കോളേജുകളിൽ നിന്നും പ്രീഡിഗ്രി വേർപെടുത്തുമ്പോൾ പ്രസ്തുത സിലബസ്സിൽ ഉണ്ടായിരുന്ന സംസ്കൃതം, ന്യായം, വ്യാകരണം, വേദാന്തം എന്നിവയും പ്ലസ്ടു തലത്തിൽ ഏർപ്പെടുത്തണമെന്നുള്ളതായിരുന്നു പ്രധാന ആവശ്യം. കൂടാതെ സംസ്കൃത ഭാഷയുടെ വളർച്ചയ്ക്ക് ആവശ്യമായ പ്രോത്സാഹനം നൽകണമെന്നും ആവശ്യപ്പെട്ടിരുന്നു.

(സി) പ്ലസ് ടു തലത്തിൽ എന്തെല്ലാം വിഷയങ്ങൾ ഉൾപ്പെടുത്തണമെന്ന് തീരുമാനിക്കുന്നത് ഹയർ സെക്കണ്ടറി കരിക്കുലം കമ്മിറ്റിയാണ്. സംസ്കൃത വിദ്യാഭ്യാസ സംരക്ഷണ സമിതിയുടെ നിവേദനം ആവശ്യമായ നടപടികൾക്കായി കരിക്കുലം കമ്മിറ്റിക്ക് അയച്ചുകൊടുക്കുകയുണ്ടായി. അതനുസരിച്ച് 14-3-2000-ൽ കൂടിയ കരിക്കുലം കമ്മിറ്റിയുടെ യോഗത്തിൽ അടുത്ത അദ്ധ്യയന വർഷത്തിൽ പ്ലസ് ടു തലത്തിൽ സംസ്കൃതം, ന്യായം, വേദാന്തം, വ്യാകരണം മുതലായവ കൂടി ഐശ്ചിക വിഷയമായി ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു. രണ്ടാം ഭാഷകളിലൊന്നായി സംസ്കൃതം ആദ്യമേ തന്നെ ഉൾപ്പെടുത്തിയിരുന്നു.

റോഡുകളുടെ നിർമ്മാണത്തിന് ഇന്ത്യൻ റോഡ് കോൺഗ്രസ് നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡം

12 (* 547) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണത്തിന് ഇന്ത്യൻ റോഡ് കോൺഗ്രസ് നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡം അനുസരിച്ച് നിർമ്മിക്കണം എന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ ;

(സി) ഇപ്പോൾ റോഡുകളുടെ നിർമ്മാണം നടത്തുന്നത് ഈ മാനദണ്ഡങ്ങൾ അനുസരിച്ചാണോ ;

(ഡി) ഐ. ആർ. സി. മാനദണ്ഡമനുസരിച്ചല്ല സംസ്ഥാനത്ത് റോഡുകൾ നിർമ്മിക്കുന്നത് എന്ന് ആരോപിച്ച് കേരള ഹൈക്കോടതിയിൽ ഒ.പി. 22530/99 ആയി കേസ് ഫയൽ ചെയ്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) മേൽപ്പറഞ്ഞ കേസിൽ രണ്ടു മാസത്തിനകം സർക്കാർ തീരുമാനം അറിയിക്കണമെന്ന് ആവശ്യപ്പെട്ട് ഹൈക്കോടതി ഉത്തരവ് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇക്കാര്യത്തിൽ സർക്കാർ എന്തു തീരുമാനം കൈക്കൊണ്ടു എന്നും ഇത് ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ടോ എന്നും അറിയിക്കാമോ ;

(ജി) ഹൈക്കോടതിയെ അറിയിച്ചെങ്കിൽ പ്രസ്തുത വിവരം എന്താണ് എന്ന് അറിയിക്കുമോ ;

(എച്ച്) ഹൈക്കോടതിക്ക് മറുപടി നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം അറിയിക്കാമോ ;

(ഐ) ഇന്ത്യൻ റോഡ് കോൺഗ്രസ് റോഡുകളും പാലങ്ങളും നിർമ്മിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ വിശദവിവരങ്ങൾ അറിയിക്കാമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ-സി) നിർമ്മാണ പ്രവർത്തനങ്ങൾ ഏറെക്കുറെ ഇന്ത്യൻ റോഡ് കോൺഗ്രസ്സ് നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള റിവൈസ്ഡ് സ്പെസിഫിക്കേഷൻ അനുസരിച്ചാണ് നടത്തിവരുന്നത്. ഇക്കാര്യത്തിന് പൊതുവായ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

(എഫ്-എച്ച്) ഹൈക്കോടതി ഉത്തരവ് സർക്കാർ വിശദമായി പരിശോധിയ്ക്കുകയും ഇതു സംബന്ധിച്ച് ഒരു മറുപടി പെറ്റിഷണർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിവരം കോടതിയെയും അറിയിച്ചിട്ടുണ്ട്.

(ഐ) ഇന്ത്യൻ റോഡ് കോൺഗ്രസ്സ് പ്രസിദ്ധീകരിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ ഫോർ റോഡ്സ് ആന്റ് ബ്രിഡ്ജസ് വർക്സ് എന്ന ബുക്കിൽ മാനദണ്ഡങ്ങളെല്ലാം രേഖപ്പെടുത്തിയിട്ടുണ്ട്.

സാങ്കേതിക വിദ്യാഭ്യാസരംഗത്തെ പരിഷ്കാരങ്ങൾ

13 (* 548) ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് എന്തെങ്കിലും പരിഷ്കാരങ്ങൾ ഏർപ്പെടുത്തുന്നതിന് സർക്കാർ ലക്ഷ്യമിട്ടിരുന്നുവോ ;

(ബി) എങ്കിൽ സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ ഏർപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടിരുന്ന പരിഷ്കാരങ്ങൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly